**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2491** **21-01-2021 - ൽ മറുപടിയ്ക്ക്**

**ഊർജ്ജ കേരള മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ . കാരാട്ട് റസാഖ് ,<br>ശ്രീ. പി.വി.അൻവർ | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതിമേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ഈ സർക്കാർ രൂപീകരിച്ച ഊർജ്ജ കേരള മിഷന്റെ പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി 'ഊർജ്ജ കേരള മിഷൻ' 2018 ജൂലൈയിൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. 2021-ഓടുകൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി 'ദ്യുതി 2021', കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 'ട്രാൻസ്ഗ്രിഡ് 2.0', 2021 - ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി 'സൗര', ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടു വരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം പദ്ധതി', കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് 'ഇ-സേഫ്' പദ്ധതി എന്നിങ്ങനെ അഞ്ച് ഫ്ലാഗ്ഷിപ്പ് പദ്ധതികൾ അടങ്ങുന്നതാണ് ഊർജ്ജ കേരള മിഷൻ. |
| (ബി) | പാരമ്പര്യേതര സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനത്തിന് ഊർജ്ജ കേരള മിഷൻ നടപ്പാക്കി വരുന്ന പ്രോജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് | (ബി) | പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കി വരുന്നു. 2021-ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി 'സൗര' പദ്ധതി ഊർജ കേരള മിഷനിൽ |

| | | | |
|---|---|---|---|
| | എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | | ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് - 46.5 MW കൂട്ടിച്ചേർക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW യിൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡിങ് മുഖേന ഉള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും - താരിഫ് അധിഷ്ഠിത ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. 200 മെഗാവാട്ട് സോളാർ പാർക്കുകളും - കാസറഗോഡ് സോളാർ പാർക്കിൽ 100 MW പ്രവർത്തനം ആരംഭിച്ചു. മറ്റൊരു 105 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള സ്ഥല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട് . 150 മെഗാവാട്ട് ഫ്ലോട്ടിങ് സോളാർ പ്ലാന്റുകളും - കായംകുളം NTPC പദ്ധതിയോടു ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിങ് സോളാർ നിലയം നിർമാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്ലാന്റ് (50 MW) ടെൻഡർ നടപടികൾ പൂർത്തിയായി. ഇടുക്കി ജലസംഭരണിയിലും (300MW), ബാണാസുര-സാഗർ ജലസംഭരണിയിലും (100MW) ഫ്ലോട്ടിങ് സോളാർ നിലയം സ്ഥാപിക്ക- ന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. പൊതു സ്ഥാപനങ്ങൾ സൗര വൈദ്യുതീകരണം നടത്തുന്ന 'സൗര' പദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി അനെർട്ട് സാധ്യത പഠനം നടത്തിയതിൽ ഏകദേശം 12 മെഗാ വാട്ട് ശേഷിക്കുളള സാധ്യത കണ്ടിട്ടുണ്ട്. |
| (സി) | സൗരോർജ്ജത്തിൽ നിന്ന് ആയിരം മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ആവിഷ്കരിച്ച സൗര പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (സി) | പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കി വരുന്നു. 2021-ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി 'സൗര' പദ്ധതി ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് - 46.5 MW കൂട്ടിച്ചേർക്ക- |

| | | | |
|---|---|---|---|
| | | | ന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW യിൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെൻഡർ നടപടികൾ പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡിങ് മുഖേന ഉള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും - താരിഫ് അധിഷ്ഠിത ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. 200 മെഗാവാട്ട് സോളാർ പാർക്കുകളും - കാസറഗോഡ് സോളാർ പാർക്കിൽ 100 MW പ്രവർത്തനം ആരംഭിച്ചു. മറ്റൊരു 105 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള സ്ഥല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട് . 150 മെഗാവാട്ട് ഫ്ലോട്ടിങ് സോളാർ പ്ലാന്റുകളും - കായംകുളം NTPC പദ്ധതിയോടു ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിങ് സോളാർ നിലയം നിർമാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്ലാന്റ് (50 MW) ടെൻഡർ നടപടികൾ പൂർത്തിയായി. ഇടുക്കി ജലസംഭരണിയിലും (300MW), ബാണാസുര-സാഗർ ജലസംഭരണിയിലും (100MW) ഫ്ലോട്ടിങ് സോളാർ നിലയം സ്ഥാപിക്കു- ന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. പൊതു സ്ഥാപനങ്ങൾ സൗര വൈദ്യുതീകരണം നടത്തുന്ന 'സൗര' പദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി അനെർട്ട് സാധ്യത പഠനം നടത്തിയതിൽ ഏകദേശം 12 മെഗാ വാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. |
| (ഡി) | സൗരപദ്ധതിയിലൂടെ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) | പുനരുപയോഗ ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുത ഉത്പാദനത്തിന് പ്രത്യേക പരിഗണന നല്കി വരുന്നു. 2021-ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി 'സൗര' പദ്ധതി ഊർജ കേരള മിഷനിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ഇതിൽ വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരമാണ്. പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽ നിന്നും 500 മെഗാവാട്ട് - 46.5 MW കൂട്ടിച്ചേർക്കു- ന്നതിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. ഗാർഹിക ഉപഭോക്താക്കൾക്കുള്ള കേന്ദ്ര സബ്സിഡി പദ്ധതിയിൽ അനുവദിച്ച 250 MW യിൽ ആദ്യ ഘട്ടത്തിലേക്കുള്ള ടെൻഡർ നടപടികൾ |

| | | | |
|---|---|---|---|
| | | | പൂർത്തിയായി സർവ്വേ പ്രവർത്തനങ്ങൾ ആരംഭിച്ചു. 200 മെഗാവാട്ട് റിവേഴ്സ് ഇ-ബിഡിങ് മുഖേന ഉള്ള ഗ്രൗണ്ട് മൗണ്ടഡ് സോളാർ പ്ലാന്റുകളും - താരിഫ് അധിഷ്ഠിത ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്ത NTPC (90 MW), TATA Power (110MW) എന്നിവരുമായി കരാറിൽ ഏർപ്പെടുവാൻ റെഗുലേറ്ററി കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്. 200 മെഗാവാട്ട് സോളാർ പാർക്കുകളും - കാസറഗോഡ് സോളാർ പാർക്കിൽ 100 MW പ്രവർത്തനം ആരംഭിച്ചു. മറ്റൊരു 105 മെഗാവാട്ട് കൂട്ടിച്ചേർക്കുന്നതിനുള്ള സ്ഥല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട് . 150 മെഗാവാട്ട് ഫ്ലോട്ടിങ് സോളാർ പ്ലാന്റുകളും - കായംകുളം NTPC പദ്ധതിയോടു ചേർന്ന് 92 മെഗാവാട്ടിന്റെ ഫ്ലോട്ടിങ് സോളാർ നിലയം നിർമാണം പുരോഗമിക്കുന്നു. വെസ്റ്റ് കല്ലട ഫ്ലോട്ടിങ് സോളാർ പ്ലാന്റ് (50 MW) ടെൻഡർ നടപടികൾ പൂർത്തിയായി. ഇടുക്കി ജലസംഭരണിയിലും (300MW), ബാണാസുര-സാഗർ ജലസംഭരണിയിലും (100MW) ഫ്ലോട്ടിങ് സോളാർ നിലയം സ്ഥാപിക്കു- ന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുകയും EIA പഠനം നടത്തുന്നതിന് സംസ്ഥാന വന സംരക്ഷണ വകുപ്പിനെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. പൊതു സ്ഥാപനങ്ങൾ സൗര വൈദ്യുതീകരണം നടത്തുന്ന 'സൗര' പദ്ധതിയുടെ ഭാഗമായി സർക്കാർ ഓഫീസുകളിൽ സൗരനിലയം സ്ഥാപിക്കുന്ന പദ്ധതിക്കായി അനെർട്ട് സാധ്യത പഠനം നടത്തിയതിൽ ഏകദേശം 12 മെഗാ വാട്ട് ശേഷിക്കുള്ള സാധ്യത കണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ